## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യംനം.**2540 09.07.2015** -ൽ മറുപടി നൽകേണ്ടിയിരുന്നത്.

# കണ്ണൂർ സർവ്വകലാശാലയിലെ ചട്ടവിരുദ്ധ ഇടപാട്

*ചോദ്യം*
ശ്രീ. ഇ. ചന്ദ്രശേഖരൻ

*ഉത്തരം*
ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കണ്ണൂർ സർവ്വകലാശാലയുടെ ചട്ടവിരുദ്ധ ഇടപാടുകളിൽ **7.49** കോടി രൂപയുടെ അധിക ബാദ്ധ്യത വന്നതായി ഓഡിറ്റിൽ കണ്ടെത്തിയതായുള്ള മാധ്യമ വാർത്തകൾ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ടോ; | (എ) | കണ്ണൂർ സർവ്വകലാശാലയുടെ ചട്ട വിരുദ്ധ ഇടപാടുകളിൽ **7.49** കോടി രൂപയുടെ അധിക ബാധ്യത വന്നതായി ഓഡിറ്റിൽ കണ്ടെത്തിയതായുള്ള ചില മാധ്യമ വാർത്തകൾ വന്നിരുന്നു. |
| (ബി) | കൂടാതെ, ആസ്ഥാന മന്ദിര നിർമ്മാണത്തിനായുള്ള ഭൂമി നിരപ്പാക്കലിന് ടെണ്ടർ നടപടികൾ പാലിക്കാതെയാണ് കരാർ നൽകിയതെന്ന ആരോപണം ശരിയാണോ; | (ബി) | ആസ്ഥാന മന്ദിര നിർമ്മാണത്തിനായുള്ള ഭൂമി നിരപ്പാക്കലിനുമാത്രമായി പ്രത്യേക ടെൻഡർ / ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. സെൻട്രൽ ലൈബ്രറി ബിൽഡിങിനായി ക്ഷണിച്ച ടെൻഡറിൽ ഉൾപ്പെട്ടതാണ് ഭൂമി നിരപ്പാക്കലുമായി ബന്ധപ്പെട്ട പ്രവർത്തികൾ. |
| (സി) | സിൻഡിക്കേറ്റിന്റെ അനുവാദമില്ലാതെ മഞ്ചേശ്വരത്ത് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡ്യൻ ലാൻഗ്വേജിനായി കെട്ടിടനിർമ്മാണം ആരംഭിച്ചു എന്ന ആരോപണം ശരിയാണോ; | (സി) & (ഡി) | ശരിയല്ല. 29.09.2011 ൽ നടന്നിട്ടുള്ള സ്റ്റാൻഡിങ് കമ്മിറ്റി ഓൺ വർക്ക്സ് ആൻഡ് പ്ലാനിങ് കമ്മിറ്റി മീറ്റിംഗിൽ മഞ്ചേശ്വരം കാമ്പസിനായി കെട്ടിടം നിർമ്മിക്കുവാൻ തീരുമാനിക്കുകയും പ്രസ്തുത തീരുമാനം സിൻഡിക്കേറ്റ് അംഗീകരിക്കുകയും ചെയ്തു. |
| (ഡി) | എങ്കിൽ ഇതിന് ഉത്തരവാദികളായവർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | |

Sally C
സെക്ഷൻ ഓഫീസർ